# കേരള സർവകലാശാല

**Re-accredited by NAAC with A++ GRADE**

നം. പി.ആർ. **190 (c)/2026** തീയതി : **10/09/2026**

<u>കേരള സർവകലാശാല പൂർവ വിദ്യാർഥിനി ഡോ വിദ്യ ലാലന് .2.68 കോടി രൂപയുടെ മേരി ക്യൂറി ഫെലോഷിപ്പ്</u>

തിരുവനന്തപുരംകേരള സർവകലാശാല ഫിസിക്സ് വകുപ്പ് പൂർവ :
വിദ്യ ലാലന് ഗവേഷണരംഗത്തെ പ്രശസ്തമായ മേരി .വിദ്യാർഥിനിയായ ഡോ
മികച്ച .സ്ക്ലോഡോവ്സ്ക ക്യൂറി പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ് ലഭിച്ചു
ഗവേഷകരെ പ്രോത്സാഹിപ്പിക്കുന്നതിനും അന്താരാഷ്ട്ര ഗവേഷണ
സഹകരണവും ഗവേഷക കൈമാറ്റവും ശക്തിപ്പെടുത്തുന്നതിനുമായി
യൂറോപ്യൻ യൂണിയൻ നൽകുന്ന പ്രമുഖ ഫെലോഷിപ്പുകളിലൊന്നാണിത്.
രണ്ട് വർഷത്തേക്കുള്ള ഫെലോഷിപ്പിന് ഏകദേശം ₹2.68 കോടി രൂപയുടെ
സാമ്പത്തിക പിന്തുണയാണ് ലഭിക്കുകവിദ്യയ്ക്ക് തന്റെ .ഈ ഫെലോഷിപ്പ് ഡോ .
ഗവേഷണമേഖലയിൽ കൂടുതൽ നൂതനമായ ഗവേഷണം നടത്താനും
അന്താരാഷ്ട്ര ഗവേഷണ പരിചയവും സഹകരണങ്ങളും കൂടുതൽ
ശക്തിപ്പെടുത്താനും അവസരമൊരുക്കും.

കേരള സർവകലാശാലയിൽ നിന്ന് ഫിസിക്സിൽ എംഎസ്സിയും പിഎച്ച്ഡിയും
നേടിയ ഡോവിദ്യ ., അസിസ്റ്റൻറ് പ്രൊഫസർ ഡോസുബോധിന്റെ .
മെച്ചപ്പെട്ട മൈക്രോവ .മേൽനോട്ടത്തിലാണ് ഗവേഷണം പൂർത്തിയാക്കിയത്േവ്
അറ്റൻവേഷനുവേണ്ടി വൈദ്യുതകാന്തിക പാരാമീറ്ററുകൾ
ക്രമീകരിക്കുന്നതുമായി ബന്ധപ്പെട്ടതായിരുന്നു ഡോക്ടറൽ ഗവേഷണം .
ഖരഗ്പൂരിൽ പോസ്റ്റ് ഡോക്ടറൽ ഫെലോ ആയി .ടി.ഐ.നിലവിൽ ഐ
വിദ്യ .പ്രവർത്തിക്കുന്ന ഡോ, ഇതിന് മുമ്പ് ജപ്പാനിലെ ക്യോട്ടോ
സർവകലാശാലയിൽ പോസ്റ്റ് ഡോക്ടറൽ ഗവേഷകയായി
സേവനമനുഷ്ഠിച്ചിട്ടുണ്ട്.

മെറ്റീരിയൽ പ്രോസസ്സിംഗ്, മൈക്രോവേവ് മെഷർമെന്റുകൾ, ഹൈ-ഫ്രീക്വൻസി സിമുലേഷൻ തുടങ്ങിയ മേഖലകളിൽ സാങ്കേതിക പരിജ്ഞാനമുള്ള ഡോ. വിദ്യ കിളിമാനൂർ സ്വദേശിയാണ്. ശ്രീ. ലാലന്റെയും ശ്രീമതി റീനയുടെയും മകളാണ് ഡോ. വിദ്യ. ആയുർവേദ ഡോക്ടർ ഡോ. നിത്യാനന്ദൻ ഭർത്താവാണ്.

**ഫോട്ടോ ഉൾപ്പെടുത്തിയിട്ടുണ്ട്**

വന്ദന മോഹൻദാസ്
പബ്ലിക് റിലേഷൻസ് ഓഫീസർ
**E-mail:**ku.release@keralauniversity.ac.in

**E-mail:** For queries helpdesk@keralauniversity.ac.in/
**website:** www.keralauniversity.ac.in
***University information is available on*** **9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**